# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 303 — 05.03.2012 ലെ മറുപടിയ്ക്ക്

## കാരുണ്യ ലോട്ടറിയിലൂടെ രോഗികൾക്കുള്ള സഹായം

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ലോട്ടറിയിലൂടെ സമാഹരിക്കുന്ന പണം പാവപ്പെട്ട ക്യാൻസർ, ഹൃദയ, വൃക്ക രോഗികൾക്കും മറ്റും സഹായമായി ലഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ ; | (എ) | BPL വിഭാഗത്തിൽപ്പെട്ടവർക്കും 2.5 ലക്ഷത്തിൽ താഴെ വരുമാനമുള്ള APL വിഭാഗത്തിൽപ്പെട്ടവർക്കും പരമാവധി 2 ലക്ഷം രൂപ ചികിത്സാ ധനസഹായമായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമനുവദിക്കുന്നു. ധനസഹായത്തിനായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ , റേഷൻകാർഡിന്റെ കോപ്പി, ആശുപത്രി രേഖകൾ സഹിതം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സ്വീകരിയ്ക്കുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റി അപേക്ഷയുടെ അർഹത പരിശോധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ചെയർമാനായ സംസ്ഥാന കമ്മിറ്റിയിൽ സമർപ്പിക്കുകയും സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫണ്ട് അഡ്മിനിസ്ട്രേറ്റർ |

| | | | |
|---|---|---|---|
| | | | (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ) തുക അനുവദിയ്ക്കുകയും ചെയ്യുന്നു. RSBY/CHIS+ എന്നീ പദ്ധതികളിൽ നിന്ന് ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നവർക ടി സ്കീമുകളിൽ അനുവദനീയമായ തുക ഉൾപ്പെടെ മൊത്തം 2 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായാണ് സഹായം നൽകുന്നത്. മാരകമല്ലാത്ത രോഗങ്ങളാൽ ആശുപത്രികളിൽ കിടത്തി ചികിത്സയിൽ കഴിയുന്നവർക്ക് ഒറ്റത്തവണ ചികിത്സാ ധന സഹായമായി 3000 രൂപ ഈ പദ്ധതിയിൽ നിന്നും നൽകുന്നുണ്ട്. |
| (ബി) | ഏതെല്ലാം ആശുപത്രികളിൽ ചികിത്സ നടത്തുന്നവർക്കായാണ് ഈ പദ്ധതി പ്രയോജനപ്പെടുന്നതെന്ന് അറിയിക്കാമോ ? | (ബി) | സർക്കാർ ആശുപത്രികൾക്ക് പുറമേ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, മലബാർ ക്യാൻസർ സെന്റർ , റീജിയണൽ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്ക് ഈ പദ്ധതിയിൽ നിന്ന് നിലവിൽ ചികിത്സാ ധനസഹായം നൽകുന്നതാണ്. മറ്റു പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ